# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്-ജീവനക്കാര്യം-സീനിയർ സൂപ്രണ്ടുമാർക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ:C1/203/2022/DCEതിരുവനന്തപുരം തീയതി:20.06.2022

*പരാമർശം:*-1.30/05/2022ലെ നം.സി1/203/2022/കോ.വി.വ നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത സീനിയർ സൂപ്രണ്ട് തസ്തികയിലെ സെലക്ട് ലിസ്റ്റ്.
2.വിവിധ സീനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെ പറയുന്ന മൂന്ന് ഒഴിവുകൾ ഉണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, പത്തിരിപ്പാല. | ശ്രീ. ശിവദാസൻ പി.എം. വിരമിച്ച ഒഴിവ് (01.03.2022) |
| 2 | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം | ശ്രീ. ഉണ്ണികൃഷ്ണൻ എസ്.ജെ വിരമിച്ച ഒഴിവ് (01.06.2022) |
| 3 | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം. | ശ്രീ. ബാബു എം.പി. കോട്ടയം വിരമിച്ച ഒഴിവ് (01.06.2022) |

മേൽ സൂചിപ്പിച്ച ഒഴിവുകളിൽ ഉൾപ്പെടെ ചുവടെ പറയുന്ന സീനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേക്ക് അപേക്ഷ പ്രകാരം സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. ഹരികുമാർ എം<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, എളേരിത്തട്ട് | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, പത്തിരിപ്പാല<br>(ശ്രീ. ശിവദാസൻ പി.എം, സീനിയർ സൂപ്രണ്ട് വിരമിച്ച ഒഴിവ്) |
| 2 | ശ്രീ. എം നസീമുദിൻ<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, നെടുമങ്ങാട് | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം<br>(ശ്രീ. ഉണ്ണികൃഷ്ണൻ എസ്.ജെ, സീനിയർ സൂപ്രണ്ട് വിരമിച്ച ഒഴിവ്) |
| 3 | ശ്രീ. സാജൻ ആർ<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, തിരൂർ<br>(വിരമിക്കൽ പരിരക്ഷ) | ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്<br>(ശ്രീ. എം നസീമുദിൻ, സീനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ ഒഴിവിൽ.) |
| 4. | ശ്രീ. ആന്റണി ജോസഫ് തോപ്പിൽ<br>സീനിയർ സൂപ്രണ്ട്,<br>കോളേജ് വിദ്യാഭ്യാസ ആസ്ഥാന | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം.<br>ശ്രീ. ബാബു എം.പി, സീനിയർ സൂപ്രണ്ട് |

| | | |
|---|---|---|
| | കാര്യാലയം (compassionate ground) | വിരമിച്ച ഒഴിവ്. |

മേൽ സൂചിപ്പിച്ച സ്ഥലംമാറ്റത്തിന് ശേഷം അവശേഷിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്ത സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷനായുള്ള സെലക്ട് ലിസ്റ്റിൽ നിന്നും അവരുടെ മുൻഗണന ക്രമം അനുസരിച്ച് താഴെ പേര് പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ 51400-110300/- രൂപ (പ്രീ-റിവൈസ്ഡ് 36600-79200/-രൂപ) ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്ത സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. കെ.എസ് ജഗദീപ്<br>ജൂനിയർ സൂപ്രണ്ട്,<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്,<br>എറണാകുളം | 01 | തിരൂർ ഗവണ്മെന്റ് കോളേജ്<br>(സീനിയർ സൂപ്രണ്ട് ശ്രീ. സാജൻ ആർ-ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |
| 2 | ശ്രീ. അനിൽകുമാർ കെ.കെ<br>ജൂനിയർ സൂപ്രണ്ട്,<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്,<br>കൊല്ലം. | 02 | ഇ.കെ.എൻ.എം. ഗവണ്മെന്റ് കോളേജ്, എളേരിത്തട്ട്<br>(സീനിയർ സൂപ്രണ്ട് ശ്രീ. ഹരികുമാർ എം-ന് സ്ഥലമാറ്റം നൽകുന്ന ഒഴിവിൽ) |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലം മാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവരെ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഓപ്ഷൻ ഫോറം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in ൽ ലഭ്യമാണ്.

ബന്ധപ്പെട്ട ജീവനക്കാർക്ക്

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 20.06.2022
Reason: Approved

Sd/-
വിഗ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1.അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള കോട്ടയം
2.ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
3.സി.എ-ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4.കരുതൽ ഫയൽ/നടപ്പ് ഫയൽ